AIM HIGH, TOGETHER WE FLY

THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"

അതേ പ്രാർത്ഥന

**ANSWER KEY**

| | |
|---|---|
| **1** | **A.**മാവ്<br>**B.**രശ്മി<br>**C.**തളിര്<br>**D.**അപേക്ഷിക്കുക<br>**E.**കലങ്ങിയ<br>**F.**ഇപ്രകാരം |
| **2** | **A.**മാണിക്യമാകുന്ന രത്നം<br>**B.**മായികമായ നഗരം<br>**C.**പ്രഭാതത്തിലെ അംശു<br>**D.**വഴിയുടെ പണി |
| **3** | **A.**തരു, ശാഖി, വൃക്ഷം<br>**B.**പ്രത്രം, പക്ഷം<br>**C.**ചൂതം, ആമം<br>**D.**തളിര്, നാമ്പ് |
| **4** | ഫലങ്ങൾ നിറഞ്ഞതുകൊണ്ടാണ് തേന്മാവ് കുനിഞ്ഞു നിന്നത് .സമൃദ്ധി വർദ്ധിക്കും തോറും സജ്ജനങ്ങൾ കൂടുതൽ വിനീതരാവും എന്ന ദൃഷ്ടാന്തമാണ് കവി സൂചിപ്പിക്കുന്നത്. പ്രകൃതിയിൽ നിന്ന് സ്വാഭാവികമായി ആർജിക്കുന്ന അനുഭവ പാഠങ്ങളും അറിവും ചേർന്നതാണ് അനധ്യായം. വിദ്യാലയത്തിൽ നിന്നും ലഭിക്കുന്ന ഔപചാരിക വിദ്യാഭ്യാസമാണ് അധ്യായനം. ജീവിതത്തിൽ സമൃദ്ധി ഉണ്ടാകുമ്പോൾ അഹങ്കരിക്കാതെ താഴ്മയോടെ പെരുമാറുക എന്ന പ്രകൃതിപാഠം തേന്മാവ് പഠിച്ചത് ക്ലാസ് മുറിയിൽ നിന്നല്ല |
| **5** | മാമ്പഴങ്ങൾ നിറഞ്ഞുനിൽക്കുന്ന തേന്മാവ് അണ്ണാറക്കണ്ണനും കാക്കയ്ക്കും മാത്രമല്ല നിരവധി ജീവജാലങ്ങൾക്കും ആശ്രയമാകുന്നു. കൊച്ചു കുട്ടികൾ മാവിൻ ചുവട്ടിൽ ഒത്തുചേരുന്നു. ചുരുക്കത്തിൽ ഒരു മായിക നഗരമായി മാന്തോപ്പ് മാറുന്നു. തേന്മാവിൻറെ ധന്യമായ ജീവിതമാണ് പ്രകൃതിക്ക് ഉല്ലാസഭാവം പകരുന്നത്. ഇതിനപ്പുറം കവി തന്നെ തേന്മാവാണ്.ഫലങ്ങൾ കവിതകളും. കവിത അനുവാചകരിൽ ആനന്ദം നിറയ്ക്കുന്നതുപോലെയാണ് പൂത്തും കായ്ച്ചും നിൽക്കുന്ന മാവുകൾ നൽകുന്ന അനുഭൂതി വിശേഷവും |

| | |
|---|---|
| **6** | സുഗമമായ യാത്രയ്ക്ക് വേണ്ടിയാണല്ലോ കല്ലുകൾ ഉടച്ചിടുന്നത്. വഴിവെട്ടുക എന്ന സൂചന കവിതയിലേക്കുള്ള വഴിയാണ്. കല്ലേറ് ഏൽക്കേണ്ടിവരുന്ന തേന്മാവിനും കവിക്കും ഒരേ മാനസികാവസ്ഥയാണ്. കാവ്യപഥം ഒരുക്കാൻ വേണ്ടി കുട്ടിയിട്ട കല്ലുകൾ ആയാണ് കവി അതിനെ കാണുന്നത്. വിമർശനങ്ങൾ വാക്കുകൾ കൊണ്ടുള്ള കല്ലേറാണ്. വിമർശനങ്ങൾ കൂടി ഏറ്റുവാങ്ങിയേ കവിതയുടെ വഴിയിൽ സഞ്ചരിക്കാനാവൂ. വിമർശനങ്ങളെ അതിജീവിച്ച് ഇനിയും കാവ്യ വൃക്ഷത്തിൽ മധുര ഫലങ്ങൾ നിറയ്ക്കാൻ തീരുമാനിക്കുകയാണ് കവി |
| **7** | ഇനിയും വേദനകൾ ഏറ്റുവാങ്ങാൻ ആണോ നീ പ്രാർത്ഥിക്കുന്നത് എന്നാണ് വസന്തദേവൻ ചോദിക്കുന്നത്. ജീവിതസാഫല്യത്തിന് വേദനകൾ അനുഭവിച്ചേ തീരൂ എന്ന് തേന്മാവിൻ അറിയാം. വസന്ത ദേവന് അത് ഉൾക്കൊള്ളാൻ ആവുന്നില്ല എന്നാണ് കവി പറയുന്നത്. വേദനകൾ ഒഴിഞ്ഞൊരു സഫല ജീവിതം സാധ്യമല്ല എന്ന ആശയത്തോടൊപ്പം സഫല ജീവിതത്തിൽ വേദനകൾ അനുഭവിക്കേണ്ടി വരുന്ന വൈരുദ്ധ്യത്തോടുള്ള വസന്ത ദേവന്റെ അസഹിഷ്ണുതയും ഇവിടെ കാണാം |
| **8** | തന്റെ ഫലങ്ങൾ മുഴുവൻ മറ്റുള്ളവർക്കായി നൽകിയിട്ടും ഏറെ വേദന അനുഭവിക്കേണ്ടിവന്ന തേന്മാവിനെ കണ്ടപ്പോഴാണ് സ്വർലോകം കലുഷിതമായത് |
| **9** | മാവിന് ഫലസമൃതി കാരണം ഏറ്റുവാങ്ങേണ്ടി വരുന്നത് കല്ലേറാണ്. ഇതാണ് സമൃദ്ധിയുടെ കണ്ണീർ എന്ന പ്രയോഗം കൊണ്ട് സൂചിപ്പിക്കുന്നത്. ദാരിദ്ര്യം ഇല്ലായ്മയുടെ അവസ്ഥയാണ് പ്രതീക്ഷ നശിച്ച മനസ്സാണ് ദരിദ്രന്റേത്. ദാരിദ്ര്യം എല്ലാ സർഗാത്മകതയെയും മരവിപ്പിക്കുന്നു. അത്രയ്ക്ക് അസഹനീയമാണത് മരവിച്ച മനസ്സിൽ സർഗാത്മകത പൂത്തു വിടരാറില്ലല്ലോ, അതുകൊണ്ട് വിമർശകരുടെ കല്ലേറേറ്റാലും സമൃദ്ധിയിൽ കഴിയാനും സർഗാത്മക രചനയിൽ പൂർവ്വാധികം ശക്തിയോടെ തുടരാനുമാണ് കവി ആഗ്രഹിക്കുന്നത് |